# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3914 15/12/2014 ൽ മറുപടിയ്ക്ക്

## ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ. വിജയൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിൽ എത്ര ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരാണ് നിലവിലുള്ളതെന്നും പ്രസ്തുത തസ്തികയിൽ ഓരോരുത്തർക്കും എന്നു മുതലാണ് നിയമനം ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) വനം വകുപ്പിൽ 160 ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരാണ് നിലവിലുള്ളത്. പ്രസ്തുത തസ്തികയിൽ ഓരോരുത്തർക്കും നിയമനം ലഭിച്ച തീയതി കാണിച്ച് തയ്യാറാക്കി 19/08/2014-ലെ ഇ 4-15057/2014 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 01/08/2014 തീയതി കണക്കാക്കിയുള്ള ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി ജോലി ചെയ്യുന്ന എത്രപേരുടെ പ്രൊബേഷൻ പൂർത്തീകരിച്ച് ഉത്തരവിട്ടിട്ടുണ്ടെന്നും, പ്രൊബേഷൻ പൂർത്തിയാക്കിയവർ ആരൊക്കെയെന്നും, പ്രൊബേഷൻ പൂർത്തിയാക്കാത്തവർ ആരൊക്കെയെന്നും, പൂർത്തീകരിക്കാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ; | (ബി) വനം വകുപ്പിൽ നിലവിലുള്ള ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരിൽ 18 പേരുടെ പ്രൊബേഷൻ കാലം പൂർത്തിയായതായി പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളവരുടേയും പ്രൊബേഷൻ പൂർത്തിയാക്കാത്ത വരുടെയും വിവരങ്ങൾ ഉൾപ്പെടുത്തി 19/08/2014-ലെ ഇ 4-15057/2014 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 01/08/2014 തീയതി കണക്കാക്കിയുള്ള ഡെപ്യൂട്ടി |

റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.

2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ട പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പരിശീലനം ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ കാലയളവിൽ പൂർത്തിയാക്കാത്തതു കാരണവും അച്ചടക്കനടപടികൾ തുടരുന്നതിനാലും ചട്ടപ്രകാരമുള്ള പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കാത്തതിനാലുമാണ് ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ ചട്ടപ്രകാരം പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിൽ തടസ്സം ഉണ്ടായിട്ടുള്ളത്.

(സി) ഏതു വർഷം വരെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ മാരായി നിയമനം ലഭിച്ചിട്ടുള്ള വർക്കാണ് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതെന്നും ഇത് ഏത് റാങ്ക് നമ്പർ വരെയുള്ള വരാണെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(സി) 01/03/2011 തീയതി കണക്കാക്കി പ്രസിദ്ധീകരിച്ച ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 69 ശ്രീ.പി.സുധീർ നീരോത്ത് വരെയുള്ളവർക്ക് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ശ്രീ.പി.സുധീർ നീരോത്തിന് 2008 ജൂലൈ മാസത്തിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. 01/03/2011 തീയതി കണക്കാക്കിയുള്ള ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം III ആയി ഉള്ളടക്കം ചെയ്യുന്നു.

(ഡി) ഏത് വർഷം മുതൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം ലഭിച്ചിട്ടുള്ളവർക്കാണ് ട്രെയിനിംഗ് നിർബന്ധ മാക്കിയിട്ടുള്ളതെന്നും ഇതനുസരിച്ച് എത്രപേർ ട്രെയിനിംഗ് പൂർത്തിയാക്കി യിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) 2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് നിയമം പ്രാബല്യത്തിൽ വന്ന 30/08/2010-ന ശേഷം പ്രൊബേഷൻ പൂർത്തിയാക്കേണ്ട ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കാണ് ചട്ടപ്രകാരം ട്രെയിനിംഗ് പൂർത്തിയാക്കേണ്ടത്. ഇതനുസരിച്ച് 21 ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. 23 ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ ട്രെയിനിംഗ് നടന്നുവരുന്നു.

(ഇ) ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ ട്രെയിനിംഗ് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയെന്നും ഇതിന്റെ സിലബസ് എന്തെന്നും വെളിപ്പെടുത്തുമോ?

(ഇ) 16/06/2014-ലെ സർക്കാർ ഉത്തരവ് (എം.എസ്) 54/2014/വനം പ്രകാരം ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ട്രെയിനിംഗ് സംബന്ധിച്ച സിലബസ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം IV ആയി ഉള്ളടക്കം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**